2. കേന്ദ്രസർക്കാർ ഗ്ളോബൽ എൻവയോൺമെന്റ് ഫെസിലിറ്റി, ലോകബാങ്ക് എന്നിവ മുഖേന ജൈവവൈവിധ്യ സംരക്ഷണത്തിനും ഗ്രാമീണ ജനതയുടെ ജീവനോപാധിക്കുമായി രാജ്യത്തിന്റെ അഞ്ചോ ആറോ ഭൂപ്രദേശങ്ങളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിക്കു കീഴിൽ കേരളത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരങ്ങളുടെ അന്തിമ തീരുമാനമായിട്ടില്ല.

(ബി) ഉത്തരം 'എ' യിൽ സൂചിപ്പിച്ച ഒന്നാമത്തെ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശം 400 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിരിക്കുന്നു. ആയതിന് വിദേശ സാമ്പത്തിക സഹായം ലഭ്യമാക്കുന്ന കാര്യം ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ജൈവവൈവിധ്യ സംരക്ഷണത്തിനും ഗ്രാമീണ ജനതയുടെ ജീവനോപാധിക്കുമായുള്ള ഉത്തരം 'എ'-യിൽ പ്രതിപാദിച്ച രണ്ടാമത്തെ പദ്ധതി ഗ്ളോബൽ എൻവയോൺമെന്റ് ഫെസിലിറ്റി, ലോക ബാങ്ക് എന്നിവയിൽനിന്നുള്ള സാമ്പത്തിക സഹായത്തോടെയായിരിക്കും നടപ്പിലാക്കുക. പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കി വരുന്നതിനാൽ അടങ്കൽ തുക നിശ്ചയിച്ചിട്ടില്ല.

മൂന്നാം ധനകാര്യ കമ്മീഷൻ

*4 [416] ശ്രീ. ബി. വിജയകുമാർ :
,, കെ. സി. ജോസഫ് :
,, കെ. അച്ചുതൻ :
,, കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം ധനകാര്യ കമ്മീഷനെ നിയമിച്ചുവോ;

(ബി) എങ്കിൽ ധനകാര്യ കമ്മീഷൻ അംഗങ്ങൾ ആരെല്ലാമാണ്;

(സി) പ്രസ്തുത കമ്മീഷന്റെ ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണ്;

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പുതിയ നികുതി സ്രോതസ്സുകളും നിലവിലുള്ള നികുതിഘടന പരിഷ്ക്കരിക്കുന്നതിനുമായ കാര്യങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഈ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) നിയമിച്ചു.

(ബി) 1. ശ്രീ. കെ. വി. രവീന്ദ്രൻ നായർ, ചെയർമാൻ

2. ശ്രീ. വി. എസ്. സെന്തിൽ, സെക്രട്ടറി (ധന-വ്യയം), അംഗം

3. ശ്രീ. പി. കമാൽകുട്ടി, സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ്), അംഗം.

LIBRARY ARCHIVES Kerala Legislative Assembly

(സി) മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഉത്തരവാദിത്തങ്ങൾ താഴെ പറയുന്നു;

കമ്മീഷൻ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും ധനകാര്യസ്ഥിതി വിലയിരുത്തുകയും താഴെപ്പറയുന്ന വിഷയങ്ങളെ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(എ) ഇനിപ്പറയുന്ന കാര്യങ്ങളുടെ നടത്തിപ്പിനുള്ള തത്വങ്ങൾ:

(i) ഭരണഘടനയുടെ IX, IX-എ എന്നീ ഭാഗങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ പിരിച്ചെടുക്കുന്നതും എല്ലാ തലങ്ങളിലുള്ള പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അവരവരുടെ വിഹിതം നൽകേണ്ടതുമായ നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവയുടെ ശിഷ്ട വരുമാനം സംസ്ഥാനവും, പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും തമ്മിൽ വീതിച്ചെടുക്കുന്നതു സംബന്ധിച്ച്.

(ii) പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും ഏൽപ്പിച്ചു കൊടുക്കേണ്ടതും അവയ്ക്ക് ചെലവഴിക്കാവുന്നതുമായ നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവ തീരുമാനിക്കുന്നതു സംബന്ധിച്ച്.

(iii) സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്ന് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ട ഗ്രാന്റ് ഇൻ എയ്ഡ് സംബന്ധിച്ച്.

(ബി) താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ശുപാർശ നൽകുക.

(i) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുക്കാനുള്ള സാധ്യത പരിശോധിക്കുകയും അങ്ങനെ വായ്പ എടുക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു ചട്ടക്കൂട് നിർദ്ദേശിക്കുകയും ചെയ്യുക.

(ii) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിട്ടുള്ള ആസ്തികളുടേയും സ്ഥാപനങ്ങളുടേയും സംരക്ഷണത്തിനാവശ്യമായ ചെലവ് സംസ്ഥാനവും തദ്ദേശ ഭരണ സ്ഥാപനങ്ങളും തമ്മിൽ പങ്കുചേർന്ന് വഹിക്കുന്നതിനുള്ള ശുപാർശകൾ.

LIBRARY ARCHIVES Kerala Legislative Assembly

(iii) വിഭവ സമാഹരണത്തിനും ചെലവ് ചുരക്കലിനും പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ സാമ്പത്തിക കാര്യ നിർവ്വഹണത്തിന് ആവശ്യമായ നടപടികൾ നിർദ്ദേശിക്കുക.

(iv) തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാരിലേക്കും സർക്കാർ ഏജൻസികളിലേക്കും അതുപോലെ സർക്കാരും സർക്കാർ ഏജൻസികളും തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കും നൽകേണ്ടതായ വിവിധ ബാദ്ധ്യതകളുടെ തീർപ്പാക്കൽ.

(v) തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള ധനവിനിർഗ്ഗമനം സുഗമമാക്കലും ശരിയായ സാമ്പത്തിക ഉത്തരവാദിത്തം ഉറപ്പാക്കലും.

(vi) ബഡ്ജറ്റിംഗ്, അക്കൗണ്ടിംഗ്, ആഡിറ്റിംഗ് വ്യവസ്ഥകളും നടപടിക്രമങ്ങളും.

(vii) ഉയർന്ന ധനസമാഹരണത്തിനും കാര്യക്ഷമമായ വിഭവ വിനിയോഗത്തിനുമുള്ള പ്രോൽസാഹനം.

(viii) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നികുതി സംബന്ധമായ കാര്യങ്ങളുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനുള്ള സമ്പ്രദായങ്ങളും നടപടിക്രമങ്ങളും.

(ix) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നികുതി സംബന്ധമായ പ്രത്യേക ഉത്തരവാദിത്തങ്ങൾ നൽകുക.

(സി) പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും ഇതിനകം കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നൽകുന്നതിനു വേണ്ടി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യേണ്ട ബജറ്റ് വിഹിതവും അതിനുവേണ്ട മാനദണ്ഡങ്ങളും നിർദ്ദേശിക്കുക.

(ഡി) ഉണ്ട്.

തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽനിന്നും മത്സ്യത്തൊഴിലാളികളെ ഒഴിവാക്കാൻ നടപടി

*5 [417] ശ്രീ. സി. മമ്മൂട്ടി :
,, യു. സി. രാമൻ :
,, പി. കെ. കെ. ബാവ :
,, കളത്തിൽ അബ്ദുള്ള :
,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly